റോഡ് ഫണ്ട് ഉപയോഗിച്ചുള്ള വികസനം

12 (*511) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് 2001-2004 കാലയളവിൽ എത്ര കോടി രൂപയുടെ വികസനമാണ് ലക്ഷ്യമിടുന്നത് ;

(ബി) ഇതുവരെ എന്ത് തുകയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ;

(സി) ഈ വർഷം റോഡ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) ഇപ്പോൾ റോഡ് ഫണ്ടിൽ എന്ത് തുക മിച്ചമുണ്ട് ; ഇതുവരെ റോഡ് ഫണ്ടിൽ ലഭിച്ച തുക എത്ര ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ലോക ബാങ്ക് പദ്ധതിയുടെ നടത്തിപ്പിനായി റോഡ് ഫണ്ട് ഉപയോഗിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്ക്, എന്ന് വിശദമാക്കുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) :

(എ&ബി) കേരളാ മോട്ടോർ വെഹിക്കിൾ ടാക്സ് പിരിവിന്റെ 10 ശതമാനം, കേന്ദ്ര റോഡ് ഫണ്ട് വിഹിതം, ബ്രിഡ്ജസ് ഫണ്ട് വിഹിതം തുടങ്ങിയ ഇനങ്ങളിൽ റോഡ് ഫണ്ടിലേക്ക് ലഭിക്കുന്ന തുക ഉപയോഗിച്ച് സ്വകാര്യ പങ്കാളിത്തതോടെയുള്ള വികസന പ്രവർത്തനങ്ങൾക്കാണ് റോഡ് ഫണ്ട് ഉദ്ദേശിക്കുന്നത്. മേൽപ്പറഞ്ഞ ഇനങ്ങളിലെ വിഹിതങ്ങൾ ഫണ്ടിലേക്ക് വകയിരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വിവിധ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി ഫണ്ടിൽനിന്ന് ഇതുവരെ 3.425 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) തലസ്ഥാന നഗരിയായ തിരുവനന്തപുരത്തെ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഒരു പദ്ധതി ഏറ്റെടുക്കുന്നതിനുള്ള തയ്യാറെടുപ്പ് പൂർത്തീകരിച്ചുവരികയാണ്.

(ഡി) സർക്കാരിൽ നിന്ന് 3,565 കോടി രൂപ ലഭിച്ചതിൽ 14 ലക്ഷം രൂപ ഇപ്പോൾ ബാക്കിയുണ്ട്.

(ഇ) ലോക ബാങ്ക് പദ്ധതി നടത്തിപ്പിനായി റോഡ് ഫണ്ട് ഉപയോഗിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly